# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4873* 27/06/2014 *ൽ മറുപടിക്ക്*

## പഞ്ചായത്ത് വകുപ്പിലെ നിയമനവും പ്രോമോഷനും സംബന്ധിച്ച സ്പെഷ്യൽ റൂൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് : | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമനവും, പ്രൊമോഷനും സംബന്ധിച്ച് സ്പെഷ്യൽ റൂൾ ഭേദഗതിചെയ്യാൻ/ സ്പെഷ്യൽ റൂൾ നിർമ്മിക്കാൻ ഉള്ള നടപടി ഏത് ഘട്ടം വരെ എത്തി എന്ന് വിശദീകരിക്കുമോ ; | (എ) | കേരള പഞ്ചായത്ത് സർവ്വീസ് ചട്ടങ്ങളിലും കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലും ഭേദഗതി ചെയ്യുന്നതിന്റെ ആദ്യപടിയായി വിവിധ സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) അസിസ്റ്റന്റ് ഡയറക്ടർ/ സെക്രട്ടറി/ അസിസ്റ്റന്റ് സെക്രട്ടറി എന്നീ തസ്തികകളിലേക്കുള്ള പ്രമോഷനുകളിൽ പ്രമോഷൻ ലഭിക്കുന്ന മിനിസ്റ്റീരിയൽ സ്റ്റാഫും, നേരിട്ട് നിയമനം ലഭിച്ച സെക്രട്ടറിമാർക്കിടയിലും അനുപാതം നിശ്ചയി ക്കണമെന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എടുത്ത നടപടികൾ വിശദമാക്കുമോ? | (ബി) | ഇല്ല |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4874** **27/06/2014 ൽ മറുപടിക്ക്**

### പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച പഠന റിപ്പോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ: | | **ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്റെ വിശദ വിവരം നൽകുമോ? | (എ) യും (ബി) യും | ഉണ്ട്.<br>ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് സംവിധാനത്തെ കുറിച്ച് വിശദമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രണ്ടംഗ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു.പ്രസ്തുത രണ്ടംഗ സമിതിയുടെ പഠന റിപ്പോർട്ട് പഠിച്ച് മതിയായ ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി. ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച ആറംഗ സമിതിയുടെ ശുപാർശകൾ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും 990 ക്ലറിക്കൽ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**